**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2015-16 - ചാലക്കുടി നിയോജക മണ്ഡലം- മേലൂർ ഗ്രാമപഞ്ചായത്തിലെ പാലപ്പിള്ളി-കരിപ്പക്കുഴി ലിങ്ക് റോഡ് സെക്കൻഡ് മെറ്റലിങ് & ടാറിംഗ് പ്രവൃത്തി - ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയത് - സാധൂകരണം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം. 1176/2019/തസ്വഭവ തിരുവനന്തപുരം, തീയതി : 10.06.2019.**

---

പരാമർശം :- 1 11/01/2016-ലെ സ. ഉ (ആർ.റ്റി )95/2016/ത സ്വ ഭ വ നമ്പർ ഉത്തരവ്.

2 13/01/2016-ലെ സ. ഉ (അച്ചടി ) 4/16/ധന നമ്പർ ഉത്തരവ്.

3 29.12.2018 ലെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി7/15359/2018/സി.ഇ/തസ്വഭവ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ചാലക്കുടി നിയോജക മണ്ഡലത്തിലെ 2015 -16 വർഷത്തെ ആസ്തി വികസന നിധിയിൽ നിന്നും പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ മേലൂർ ഗ്രാമപഞ്ചായത്തിലെ പാലപ്പിള്ളി- കരിപ്പക്കുഴി ലിങ്ക് റോഡ് സെക്കൻഡ് മെറ്റലിങ്ങ് & ടാറിങ്ങ് എന്ന പ്രവൃത്തി നടപ്പാക്കുന്നതിന് 15/02/2016 ൽ ഗുണഭോക്തൃ സമിതിയുമായി എഗ്രിമെന്റ് വച്ചുവെന്നും എന്നാൽ പണി പൂർത്തീകരിച്ചിരിക്കുന്നത് 23/06/2017 ൽ ആണെന്നും പരാമർശം (2) പ്രകാരം ഇ-ടെൻഡർ ഏർപ്പെടുത്തുന്നതിന് മുൻപ് ഗുണഭോക്തൃസമിതികൾ നിലവിലുണ്ടായിരുന്ന മേഖലകളിൽ ടി സമിതികൾ മുഖേന 31.03.2016 വരെ ചെയ്യേണ്ട പ്രവൃത്തികൾക്ക് ടെൻഡർ നടപടികൾ ഒഴിവാക്കിക്കൊണ്ട് ഉത്തരവുണ്ടെന്നും എന്നാൽ ടി പ്രവൃത്തി 15.02.2016 ന് എഗ്രിമെന്റ് വച്ചുവെങ്കിലും പൂർത്തീകരിച്ചിരിക്കുന്നത് 23.06.2017 ൽ ആയതിനാൽ എം.എൽ.എ. എ.ഡി.എസ്. പദ്ധതിയിൽ ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ ടി പ്രവൃത്തിക്ക് സാധൂകരണം നൽകണമെന്നും പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാലക്കുടി നിയോജക മണ്ഡലത്തിൽ 2015-16 വർഷത്തെ ആസ്തി വികസന നിധിയിൽ നിന്നും ഭരണാനുമതി ലഭിച്ച മേലൂർ ഗ്രാമപഞ്ചായത്തിലെ പാലപ്പിള്ളി- കരിപ്പക്കുഴി ലിങ്ക് റോഡ് സെക്കൻഡ് മെറ്റലിങ്ങ് & ടാറിങ്ങ് എന്ന പ്രവൃത്തി നടപ്പാക്കുന്നതിന് 15/02/2016 ൽ ഗുണഭോക്തൃ സമിതിയുമായി എഗ്രിമെന്റ് വയ്ക്കുകയും 23/06/2017 ൽ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് പരാമർശം (3)

പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, മേലൂർ ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ .
ഫിനാൻസ് വകുപ്പ്(155/എൻ.സി.സി .3/2015/ധന.തീയതി07.03.2019)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ